# Malayala Manorama

## 19 August 2018

## New Delhi, SBI and ICICI Bank, Concessions for Flood Victims

# ആശ്വാസം പകർന്ന് ബാങ്കുകൾ

ന്യൂഡൽഹി • പ്രളയക്കെടുതിയിൽപ്പെട്ടവർക്ക് ഇളവുകളുമായി എസ്ബിഐയും ഐസിഐസിഐ ബാങ്കും. വായ്പാ തിരിച്ചടവു വൈകിയാലും ഈ മാസം പിഴ ഈടാക്കില്ലെന്ന് ഇരു ബാങ്കുകളും വ്യക്തമാക്കി. പ്രളയത്തെ തുടർന്നുള്ള നഷ്ടങ്ങളിൽനിന്നു കരകയറാനുള്ള വായ്പകൾക്ക് പ്രോസസിങ് ഫീസ് ഈടാക്കില്ല എന്നതടക്കം ഒട്ടേറെ ഇളവുകൾ എസ്ബിഐ നൽകിയിട്ടുണ്ട്.



ഡ്യൂപ്ലിക്കേറ്റ് പാസ്ബുക്ക്, എടിഎം കാർഡ്, ചെക്ക് ബുക്ക് എന്നിവയ്ക്കുള്ള ചാർജ് ഒഴിവാക്കിയതിനു പുറമേ, ദുരിതാശ്വാസ നിധിയിലേക്ക് ഓൺലൈനായി പണം നൽകുന്നതിനു ഫീസ് ഒഴിവാക്കി. ദുരിതബാധിതർ ശാഖയിൽ വിളിച്ച് പണം ആവശ്യപ്പെട്ടാൽ പോയിന്റ് ഓഫ് സെയിൽ മെഷീൻ വീട്ടിലെത്തിക്കും. 2000 രൂപ വരെയാണ് ഈ രീതിയിൽ പിൻവലിക്കാൻ കഴിയുക. തിരിച്ചറിയൽ രേഖകൾ നഷ്ടപ്പെട്ടവർക്ക് എസ്ബിഐ ശാഖയിൽ ഫോട്ടോ മാത്രം നൽകി അക്കൗണ്ട് ആരംഭിക്കാം.

വ്യക്തിഗത വായ്പയ്ക്കു യോഗ്യരായവർക്കു കാലതാമസമില്ലാതെ വായ്പ നൽകും. മിനിമം ബാലൻസ് വേണമെന്ന നിബന്ധനയ്ക്കും ഇളവുണ്ടാകും. ദുരിതബാധിതനാണെന്നു സ്വയം സാക്ഷ്യപ്പെടുത്തിയ കത്തു മാത്രമാവും മാനദണ്ഡം.

വിവിധ വായ്പകൾക്കു പുറമേ, ക്രെഡിറ്റ് കാർഡ് തിരിച്ചടവിനും ഐസിഐസിഐ ബാങ്ക് ഇളവു നൽകിയിട്ടുണ്ട്.